(iv) അറബെസ്ഖ്

സസ്യലതാദികളുടെ രൂപങ്ങൾ ജ്യാമിതീയമായ കൃത്യതയോടെ ചിത്രാലങ്കാരങ്ങളിൽ ഉപയോഗിക്കുന്ന ഇസ്‌ലാമിക കലയിലെ ഒരു പ്രത്യേക സമ്പ്രദായമാണ് അറബെസ്ഖ്. താളത്തിന്റെ ദൃശ്യാവിഷ്കാരം എന്നാണ് കലാ പണ്ഡിതന്മാർ ഈ കലാരൂപത്തെ വിളിക്കുക. താളവും ജ്യാമിതിയുമാണ് ഈ കലയുടെ സത്ത. പ്രകൃതിയിലെ മുന്തിരി വള്ളികളാണത്രെ ഈ കലാരൂപത്തിനു പ്രചോദനം നല്കിയത്. ഒന്നിലധികം സസ്യങ്ങളും ലതകളും അറബെസ്ഖിൽ മേളിക്കുന്നത് കലാകാരന്മാരുടെ കരവിരുതിന് തെളിവാണ്. ഇസ്‌ലാമിക കലയുടെ അമൂർത്ത സ്വഭാവം അറബെസ്ഖിൽ വളരെയധികം പ്രകടമാണ്.

രാഗ–താള–ശ്രുതി–ലയപ്പൊരുത്തമുള്ള സ്വരാവരോഹം പോലെയാണ് അറബെസ്ഖിന്റെ വിന്യാസം. ഒരു തരംഗം പോലെ ദൃഷ്ടാവിന്റെ കൺമുമ്പിൽ അത് അനാവൃതമാവുന്നു. വരകളും ചിത്രങ്ങളും ഒഴിഞ്ഞ സ്ഥലങ്ങളും സൗന്ദര്യപരമായ തുല്യത നിലനിർത്തുന്നു. കാല(**Time**)വുമായി ബന്ധപ്പെട്ട താളത്തെ സ്ഥല(**Space**) പരിധിയിലേക്ക് പറിച്ചു നടുകയാണ് ഈ കലാരൂപം ചെയ്യുന്നത് എന്ന് ബുക്കാർഡ്റ്റ് എഴുതിയിട്ടുണ്ട്. അതേ സമയം സസ്യലോകവുമായുള്ള ജൈവബന്ധം അറബെസ്ഖ് നിലനിർത്തുകയും ചെയ്യുന്നു.

ഉമവീ കൊട്ടാരങ്ങളിലും പള്ളികളിലും കൊത്തുപണികളുള്ള ജനലുകളിലും അറബെസ്ഖ് ധാരാളമായി വിന്യസിച്ചിട്ടുണ്ട്. റോമൻ അറബെസ്ഖിൽ നിന്ന് ഇസ്‌ലാമിക അറബെസ്ഖ് കലാപരമായ മേന്മകൊണ്ട് മികച്ചു നില്ക്കുന്നതായി കലാചരിത്രകാരന്മാർ പറയുന്നു. വൃത്തം, ചതുരം, ബഹുഭുജാകൃതികൾ ഇവയെ ഗണിതശാസ്ത്രപരമായ കൃത്യതയോടെ വിഭജിച്ചു വിന്യസിക്കുന്നതും അതിൽ താളബോധം ദീക്ഷിക്കുന്നതുമാണ് ഇസ്‌ലാമിക അറബെസ്ഖിനെ റോമൻ അറബെസ്ഖിൽനിന്നു വ്യതിരിക്തമാക്കുന്നത്. [നോ: അറബെസ്ഖ്]